# 2006-ലെ മനുഷ്യാവകാശ സംരക്ഷണ (കേരള ഭേദഗതി) ഓർഡിനൻസ്

(2006-ലെ 12-ാം നമ്പർ ഓർഡിനൻസ്)

## ഉള്ളടക്കം


പീഠിക

വകുപ്പുകൾ

1 ചുരുക്കപ്പേരും പ്രാരംഭവും
2 1994-ലെ 10-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്
3 21-ാം വകുപ്പിനുള്ള ഭേദഗതി
4 സാധൂകരിക്കൽ
5 റദ്ദാക്കലും ഒഴിവാക്കലും

# 2006-ലെ മനുഷ്യാവകാശ സംരക്ഷണ (കേരള ഭേദഗതി) ഓർഡിനൻസ്*

(2006-ലെ 12-ാം നമ്പർ ഓർഡിനൻസ്)

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തി ഏഴാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്

## 1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്റ്റ് കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു
## ഓർഡിനൻസ്

പീഠിക.— 1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്റ്റ് കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ,

2005-ലെ മനുഷ്യാവകാശ സംരക്ഷണ (കേരള ഭേദഗതി) ഓർഡിനൻസ് (2005-ലെ 22) 2005 ഡിസംബർ 16-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയതിനാലും,

2006 ഫെബ്രുവരി 3-ാം തീയതി ആരംഭിച്ച് 2006 ഫെബ്രുവരി 21-ാം തീയതി അവസാനിച്ചതും 2006 മാർച്ച് 14-ാം തീയതി ആരംഭിച്ച് 2006 മാർച്ച് 15-ാം തീയതി അവസാനിച്ചതുമായ നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും,

ഇൻഡ്യൻ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം, പ്രസ്തുത ഓർഡിനൻസ് 2006 മാർച്ച് 17-ാം തീയതി പ്രാബല്യത്തിലില്ലാതാകുമെന്നതിനാലും,

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തിയില്ലായെങ്കിൽ വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും,

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലില്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാലും,

ഇൻഡ്യൻ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലെ ക്ലിപ്തനിബന്ധനപ്രകാരമുള്ള നിർദ്ദേശങ്ങൾ പ്രസിഡന്റിൽനിന്നും ലഭിച്ചിരിക്കയാലും,

ഇപ്പോൾ, അതിനാൽ, ഇൻഡ്യൻ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡംമൂലം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് പ്രകാരം വിളംബരപ്പെടുത്തുന്നു:—

*Promulgated by the Governor on the 17th day of March, 2006 and published in the Kerala Gazette No 38, dated 26th September, 2006

1 ചുരുക്കപ്പേരും പ്രാരംഭവും -(1) ഈ ഓർഡിനൻസിന് 2006-ലെ മനുഷ്യാവകാശ സംരക്ഷണ (കേരള ഭേദഗതി) ഓർഡിനൻസ് എന്ന് പേർ പറയാം

(2) ഇത് 2005 ഡിസംബർ 16-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്

2 1994-ലെ 10-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ് - ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത്, 1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്റ്റിന് (1994-ലെ 10-ാം കേന്ദ്ര ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം 3-ഉം 4-ഉം വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്

3 21-ാം വകുപ്പിനുള്ള ഭേദഗതി -- പ്രധാന ആക്റ്റിലെ 21-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്

"(2) സംസ്ഥാന കമ്മീഷനിൽ, --

(എ) ഹൈക്കോടതിയിൽ കുറഞ്ഞത് അഞ്ച് വർഷം ചീഫ് ജസ്റ്റിസ് ആയിരുന്ന ഒരാൾ, ചെയർപേഴ്സൺ,

(ബി) ഒരു ഹൈക്കോടതിയിലെ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ ആയ ഒരാൾ അല്ലെങ്കിൽ ജില്ലാ ജഡ്ജിയായി കുറഞ്ഞത് ഏഴ് വർഷത്തെ പരിചയമുള്ള സംസ്ഥാനത്തെ ഒരു ജില്ലാ ജഡ്ജി അംഗം,

(സി) മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അറിവോ പ്രായോഗിക പരിജ്ഞാനമോ ഉള്ള ആളുകളിൽനിന്നും നിയമിക്കപ്പെടുന്ന ഒരംഗം, എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്"

4 സാധൂകരിക്കൽ - പ്രധാന ആക്റ്റിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ, എന്തുതന്നെ അടങ്ങിയിരുന്നാലും, ചെയർപേഴ്സൺ ആയി പ്രവർത്തിക്കാൻ ഇതിനകം അധികാരപ്പെടുത്തിയിരുന്ന ഏതെങ്കിലും അംഗത്തിന്റെ അധികാരപ്പെടുത്തലിന്റെ സംഗതിയിൽ, ഈ ഓർഡിനൻസിന്റെ പ്രാരംഭത്തിന് മുമ്പ് ചെയ്തതോ അല്ലെങ്കിൽ ചെയ്തതായി കരുതപ്പെടുന്നതോ ആയ എല്ലാ പ്രവർത്തികളും അതിന് സഹായകരമായി ആ ആൾ ചെയ്ത എല്ലാ നടപടികളും സാധുവായിരിക്കുന്നതും സാധുതയോടുകൂടി ചെയ്തതായി കരുതപ്പെടുന്നതും അങ്ങനെയുള്ള അധികാരപ്പെടുത്തലിന്റെയും എടുത്ത നടപടികളുടെയും സാധുത ഏതെങ്കിലും നീതിന്യായ കോടതിയിൽ, അവ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ചെയ്യപ്പെട്ടതല്ല എന്ന കാരണത്താൽ, ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്

5 റദ്ദാക്കലും ഒഴിവാക്കലും -(1) 2005-ലെ മനുഷ്യാവകാശ സംരക്ഷണ (കേരള ഭേദഗതി) ഓർഡിനൻസ് (2005-ലെ 22) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്

ആർ എൽ ഭാട്ടിയ,
ഗവർണ്ണർ

(ശരിത്തർജമ)

എ അബ്ദുൾ സലാം,
നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി